ഉത്തരം

(എ) മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവരെ കൂടാതെ വിദേശപര്യടനം നടത്തിയ എല്ലാ മന്ത്രിമാരുടെയും ലക്ഷ്യം വ്യവസായം ഉൾപ്പടെ വ്യത്യസ്ത വികസന മേഖലകളിലുള്ള കേരളത്തിന്റെ ഉന്നതിയായിരുന്നു. മന്ത്രിമാരുടെ വിദേശ സന്ദർശനം സംബന്ധിച്ച വിശദവിവരം അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്†.

(ബി&സി) കേരളത്തിലെ വ്യവസായ സാദ്ധ്യതകൾ ബോദ്ധ്യപ്പെടുത്തി വിദേശീയരെയും വിദേശ ഇന്ത്യാക്കാരേയും ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. ടെക്നോപാർക്കിൽ വിദേശകമ്പനികളുടെ സഹകരണത്തോടെ 20-ൽപരം യൂണിറ്റുകൾ ആരംഭിച്ചു. ഇവയിലെല്ലാം കൂടി ഏകദേശം 3500 ലക്ഷം രൂപ മൂലധന നിക്ഷേപം ഉണ്ടായിട്ടുണ്ട്. കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി.യുടെയും വ്യവസായ സംരംഭങ്ങൾ വിദേശത്തെ വ്യവസായ നിക്ഷേപകർക്കിടയിൽ മതിപ്പുളവാക്കിയിട്ടുണ്ട്. നിരവധി വ്യവസായികൾ നിക്ഷേപ സന്നദ്ധമായി മുന്നോട്ടു വന്നിട്ടുണ്ട്. കെ.എസ്.ഡി.പി. ലിമിറ്റഡ്, കെൽട്രോൺ, ടെൽക്ക് എന്നീ വ്യവസായങ്ങളിൽ നിന്നും ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി ഓർഡറുകൾ ലഭിക്കുകയും ഇതനുസരിച്ച് കയറ്റുമതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മന്ത്രിമാരുടെ വിമാനയാത്ര

32(32) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഓരോ മന്ത്രിയും എന്തുതുക വീതം വിമാനയാത്രയ്ക്കായി കൈപ്പറ്റിയിട്ടുണ്ട് ;

(ബി) ഈ കാലഘട്ടത്തിൽ ഓരോ മന്ത്രിയും എത്ര പ്രാവശ്യം വീതം വിമാനയാത്ര നടത്തിയിട്ടുണ്ട് ?

ഉത്തരം

(എ&ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†.

മന്ത്രിമാർക്കുവേണ്ടി ചെലവായ തുക

33 (33) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർക്ക് വേണ്ടി ശമ്പളം, അലവൻസ്, ഡി.എ., ടി.എ., മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, ഹോസ്പിറ്റാലിറ്റി എന്നീ ഇനങ്ങളിൽ ഇതുവരെ എന്തു തുക ചെലവായിട്ടുണ്ട് ;

---

† അനുബന്ധം XVI
† അനുബന്ധം XVII

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു മന്ത്രിക്ക് ഈയിനങ്ങളിൽ ശരാശരി എന്തുതുക ചെലവായിട്ടുണ്ട് ;

(സി) ഇതേ കാലയളവിലേയ്ക്ക് ഈയിനങ്ങളിൽ തൊട്ടുമുമ്പുള്ള മന്ത്രി സഭയിലെ മന്ത്രിമാർക്ക് എന്തുതുക ചെലവായിട്ടുണ്ട് ;

(ഡി) അന്ന് ഒരാളിനുവേണ്ടി ഈയിനങ്ങളിൽ ശരാശരി എന്തുതുക ചെലവായിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഡി.എ., ടി.എ., മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, ഹോസ്പിറ്റാലിറ്റി എന്നിവയെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†. ശമ്പളം, അലവൻസ് എന്നിവയെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മന്ത്രിമാരുടെ വിദേശയാത്ര

34 (34) ഡോ: എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുൾപ്പെടെ ഓരോ മന്ത്രിയും എത്ര വിദേശയാത്രകൾ വീതം നടത്തിയിട്ടുണ്ട് ; അവ ഏതൊക്കെ തീയതികളിൽ ;

(ബി) ഓരോ യാത്രയ്ക്കും ആവശ്യമായ ടി.എ. അഡ്വാൻസ് അനുവദിച്ചു നൽകിയത് എത്ര വീതമാണെന്നും എന്താണെന്നുമുള്ള വിവരം നൽകാമോ ;

(സി) എത്ര കേസുകളിൽ ഇനി ഫൈനൽ ബില്ലുകൾ നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1. മുഖ്യമന്ത്രി : 5 പ്രാവശ്യം

05-07-1996	-	09-07-1996
14-11-1996	-	24-11-1996
10-06-1997	-	22-06-1997
26-09-1998	-	28-09-1998
28-04-1999	-	03-05-1999

† അനുബന്ധം XVIII

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
12.	ശ്രീ. എ. സി. ഷൺമുഖദാസ് (മുൻ ആരോഗ്യ വകുപ്പുമന്ത്രി)	8,09,833	40
13.	ശ്രീ. ടി. ശിവദാസ മേനോൻ (ധനകാര്യ വകുപ്പുമന്ത്രി)	3,88,703	18
14.	ശ്രീമതി സുശീലാ ഗോപാലൻ (വ്യവസായ വകുപ്പുമന്ത്രി)	5,34,034	33
15.	ശ്രീ. ബേബി ജോൺ (മുൻ ജലസേചന വകുപ്പുമന്ത്രി)	2,48,780	10
16.	ശ്രീ. വി. കെ. രാജൻ (മുൻ കൃഷി വകുപ്പുമന്ത്രി)	78,510	3
17.	ശ്രീ. പിണറായി വിജയൻ (മുൻ വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി)	3,17,209	13
18.	ശ്രീ. പി. ആർ. കുറുപ്പ് (മുൻ വനവും ഗതാഗതവും വകുപ്പുമന്ത്രി)	3,78,549	28

അനുബന്ധം XVIII

[21-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 33(33) ദയവായി കാണുക]

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർക്ക് വേണ്ടി ഡി.എ., ടി.എ. മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, "ഹോസ്പിറ്റാലിറ്റി എന്നീ ഇനങ്ങളിൽ ഇതുവരെ ചെലവായ തുകയെ സംബന്ധിക്കുന്ന താല്ക്കാലിക കണക്ക്.

ഡി.എ., ടി.എ	1,46,63,069 രൂപ (വിമാനയാത്രക്കൂലി ഉൾപ്പെടെ)
മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്	14,75,198 രൂപ
ഹോസ്പിറ്റാലിറ്റി ചെലവ്	40,39,870 രൂപ

LIBRARY ARCHIVES Kerala Legislative Assembly